# സെന്റ് തോമസ് പാരീഷ് ലിറ്റിൽ മൗണ്ട്

## ക്രിസ്തുമസ്സ് സെലിബ്രേഷൻ

ചെന്നൈ മിഷന്റെ ക്രിസ്തുമസ്സ് ആഘോഷ പരിപാടികളെ വിജയിപ്പിക്കാൻ ആത്മാർത്ഥമായി മുന്നോട്ടുവന്ന എല്ലാ യുവജനങ്ങൾക്കും ഇടവകക്കാർക്കും അഭിനന്ദനങ്ങൾ. ഇടവകാതലത്തിൽ നടന്ന ക്രിസ്തുമസ്സ് കരോൾ പരിപാടിക്കും, പുൽക്കൂട് മത്സരത്തിനും സഹകരിച്ചവർക്ക് നന്ദി. കുര്യൻ ജോസഫ്, റെജി സേവ്യർ, വിക്ടർ മാർട്ടിൻ എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കീൽക്കട്ടലൈ ഇടവക യുവജനങ്ങളുടെ നേതൃത്വത്തിൽ നടന്ന ഗ്ലോറിയ കരോൾ ഗാന മത്സരത്തിൽ ചിന്നമല ഇടവക മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## കുടുംബ സമ്മേളന വാർഷികം

ഗിണ്ടി സെന്റ് സെബാസ്റ്റ്യൻ കുടുംബ യൂണിറ്റിന്റെ വാർഷികം ജനുവരി 29 ശനിയാഴ്ച ശ്രീ.സിറിൽ സേവ്യറിന്റെ വസതിയിൽ വച്ച് ജെയ്സണച്ചന്റെ കാർമ്മികത്വത്തിൽ വിശുദ്ധ ബലിയോടെ ആരംഭിച്ചു. തുടർന്ന് ചെറിയ കലാ പരിപാടികളും സ്നേഹ വിരുന്നും ഉണ്ടായിരുന്നു.

## വിനോദയാത്ര

ഇടവകയിലെ 35-ൽ പരം ആളുകൾ ഇക്കഴിഞ്ഞ ജനുവരി 8-ാം തിയ്യതി അച്ചിറപാക്കം മഴൈ മലൈ നഗർ, വേടൻതാങ്കൽ എന്നിവടങ്ങളിലേക്ക് യാത്രപോയി. ജനുവരി 26-ാം തിയ്യതി യുവജനങ്ങളുടെ നേതൃത്വത്തിൽ 50 പേർ ഏലഗിരിയിലേക്ക് വിനോദയാത്രപോയി. ഏറെ അവിസ്മരണീയവും ആവേശകരവുമായിരുന്നു ഈ യാത്രകൾ. സംഘാടകർക്ക് അഭിനന്ദനങ്ങൾ.

## സന്ദർശനം

മാർച്ച് 20-ാം തിയ്യതി ഞായറാഴ്ച ചെന്നൈ മിഷൻ കോ - ഓഡിനേറ്റർ മോൺ. ജോസ് പാലാട്ടിയച്ചൻ ചിന്നമല ഇടവക സന്ദർശനത്തിന് വരുന്നു.

## നോമ്പുകാല പരിപാടികൾ

മാർച്ച് 7-ാം തിയ്യതി വൈകിട്ട് 6.30 നുള്ള വിഭൂതിയുടെ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് നെറ്റിയിൽ ചാരം പൂശി നോമ്പിന്റെ ചൈതന്യത്തിലേക്ക് ഞങ്ങൾ പ്രവേശിച്ചു. നോമ്പിന്റെ പരിത്യാഗം ദേവാലയ നിർമ്മിതിക്ക് എന്ന ലക്ഷ്യത്തോടെ അന്നേ ദിവസം വെഞ്ചരിച്ച ചെപ്പ് സ്വീകരിച്ചു. ഏപ്രിൽ 3-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 2 മണിവരെ നോമ്പുകാല വാർഷിക ധ്യാനം ബഹു. ജോസ് പന്തല്ലൂക്കാരനച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. 10-ാം തിയ്യതി ചെന്നൈ മിഷനിലെ 14 പള്ളികൾ സന്ദർശിച്ച് കുരിശിന്റെ വഴി നടത്തപ്പെടുന്നു.

## യാത്രയയപ്പ്

ഒരു വർഷക്കാലത്തെ വൈദീക പരിശീലനത്തിന്റെ ഭാഗമായി നമ്മുടെ ഇടവകയിലേക്ക് കടന്നു വരികയും കുടുംബക്കൂട്ടായ്മകൾ, യുവജനക്കൂട്ടായ്മകൾ, വചനസന്ദേശങ്ങൾ എന്നിവയിൽ ആത്മാർത്ഥമായി സഹകരിച്ച് നമ്മുടെ ഇടവകയുടെ ഭാഗമായിത്തീർന്ന ബ്രദർ ജോസ് പുതുശ്ശേരിക്ക് നന്ദിയും അഭിനന്ദനങ്ങളും. തുടർന്നുള്ള പരിശീലന കാലഘട്ടത്തിൽ എല്ലാ വിജയാശംസകളും ഞങ്ങൾ നേരുന്നു. ഒരാഴ്ചത്തെ പരിശീലനത്തിനായി വന്ന റീജൻസി ബ്രദർ സുബീഷ് വട്ടപ്പറമ്പലിന് പ്രത്യേകം നന്ദി.

## വിശുദ്ധവാര തിരുക്കർമ്മങ്ങൾ

ഓശാന ഞായർ 9.30 am

പെസഹാവ്യാഴം 6.30 pm

ദുഖ:വെള്ളി 10.00 am

ദുഖ:ശനി 7.00 am

ഈസ്റ്റർ ശനി 9.00 pm

ഈസ്റ്റർ ഞായർ 9.00 am